ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം.ഡിബി4/411/19/സി.ഇ/തസ്വഭവ | തീയതി : 19.03.2020

**പരിപത്രം**

വിഷയം : ആർ.കെ.ഐ - തസ്വഭവ (എഞ്ചിനീയറിങ് വിഭാഗം) - എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംത്തിട്ട, തൃശ്ശൂർ, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പ്രളയത്തിൽ നശിച്ച 5 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകൾ (194.63 കി.മി) പുനർനിർമ്മാണം നടത്തുന്നത്- നിർവ്വഹണം നടത്തുന്നത് - സംബന്ധിച്ച്

സൂചന: 1. സ.ഉ(സാധാ)നം.402/2020/തസ്വഭവ തീയതി 17/02/2020

2. സ.ഉ(സാധാ)നം.156/2020/P&EA തീയതി 18/03/2020

സൂചന (1) പ്രകാരം റീബിൽഡ് കേരള ഇൻഷ്യറ്റീവിൽ പ്രോജെക്ട് മാനേജ്മന്റ് യൂണിറ്റിന്റെ കീഴിൽവരാത്ത പ്രളയത്തിൽ തകർന്ന 5മീറ്ററും അതിന് താഴെയും വീതിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണ നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് വിഭാഗം മുഖേന നടത്തേണ്ടതാണെന്നും പ്രസ്തുത പ്രവ്യത്തികളുടെ നിർവ്വഹണ രീതിയും, സാങ്കേതികാനുമതി നൽകുന്ന രീതിയും പ്ലാൻ പ്രോജക്ടുകളുടെ മാതൃകയിലായിരിക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണ്.

സൂചന (2) പ്രകാരം പ്രളയത്തിൽ നശിച്ച എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംത്തിട്ട, തൃശ്ശൂർ, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ 5 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകൾ (194.63 കി.മി) പുനർനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ആദ്യ ഘട്ടത്തിലേക്കായി 194.63 കിലോമീറ്റർ നീളം വരുന്ന 266 റോഡ് പ്രവൃത്തികൾക്കായി ആകെ 67.90 കോടി രൂപ അനുവദിച്ച് ഭരണാനുമതി ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രവൃത്തികളുടെ പേരും തുകയും മറ്റു വിവരങ്ങളും അടങ്ങുന്ന പട്ടിക സൂചന (2) ഉത്തരവിൽ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. ടി-പ്രവൃത്തികളുടെ മോണിറ്ററിംഗ് ബഹു .മുഖ്യമന്ത്രി നേരിട്ട് നടത്തുന്നതാകയാൽ ടി - പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ, പ്രവൃത്തി നിർവ്വഹണം മുതലായ നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതും പൂർത്തീകരിക്കുന്നതിന് വേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. നിർവ്വഹണം സംബന്ധിച്ച് ഗ്രാമ/ബ്ലോക്ക്/മുനിസിപ്പാലിറ്റി/ജില്ലാ പഞ്ചായത്തുകളിലെ റോഡ് പ്രവൃത്തികളുടെ നിർവ്വഹണം അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നിർവ്വഹിക്കേണ്ടതും കോർപ്പറേഷനുകളിലെ റോഡ് പ്രവൃത്തികളുടെ നിർവ്വഹണം അതാത് സൂപ്രണ്ടിങ് എഞ്ചിനീയർമാർ നിർവ്വഹിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ